# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3421    24.06.2013-ൽ മറുപടി

### പോപ്പുലർ ഫ്രണ്ടിന്റെ റാലി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ. കെ. ബാലൻ<br>ശ്രീ. പുരുഷൻ കടലുണ്ടി<br>ശ്രീ. കെ. കെ. ജയചന്ദ്രൻ<br>ശ്രീ. എളമരം കരീം | തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| എ) 2013 മേയ് 30 ന് തിരുവനന്തപുരത്ത് പോപ്പുലർ ഫ്രണ്ട് എന്ന സംഘടനയുടെ നേതൃത്വത്തിൽ നടന്ന റാലിയിൽ പങ്കെടുത്തവർ എ. കെ. ജി. സെന്ററിന് മുന്നിൽ സംഘടിച്ച് എ. കെ. ജി. സെന്റർ ഉപരോധിക്കുന്ന നിലയിൽ മണിക്കൂറുകളോളം സംഘർഷത്തിന് ശ്രമം നടത്തിയതിനെതിരെ പോലീസ് കേസെടുത്ത് അന്വേഷണം നടത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ; | (എ) 2013 മേയ് 30 ന് തിരുവനന്തപുരത്ത് പോപ്പുലർ ഫ്രണ്ട് എന്ന സംഘടനയുടെ നേതൃത്വത്തിൽ നടന്ന റാലിയിൽ ആശാൻ സ്ക്വയർ മുതൽ എ. കെ. ജി. സെന്റർവരെ ന്യായവിരോധമായി സംഘം ചേർന്ന് പൊതു ജനങ്ങളുടെയും വാഹനങ്ങളുടെയും മറ്റും സുഗമമായ സഞ്ചാരത്തിനു തടസ്സം സൃഷ്ടിച്ചതിന് കൺടോൺമെന്റ് പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 678/2013 നമ്പരായി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. എന്നാൽ എ. കെ. ജി. സെന്റർ ഉപരോധിക്കുന്ന നിലയിൽ സംഘർഷത്തിന് ശ്രമം നടത്തിയതായ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ബി) ഇത്തരത്തിൽ പ്രവർത്തിച്ചവർക്കെതിരെ എ. കെ. ജി. സെന്ററിൽ നിന്ന് വിവരം അറിയിച്ചതിനെ തുടർന്ന് പോലീസ് സ്വീകരിച്ച നടപടി എന്തായിരുന്നു ; സംഘർഷത്തിന് നേതൃത്വം കൊടുത്ത ആരെയെല്ലാം അറസ്റ്റ് ചെയ്യുകയുണ്ടായി ; ആർക്കെല്ലാം എതിരെ കേസെടുക്കുകയുണ്ടായി ; | (ബി) പാളയം ആശാൻ സ്ക്വയർ എ. കെ. ജി. സെന്റർ മുതൽ പാറ്റൂർ ജംഗ്ഷൻവരെ റോഡിൽ ഗതാഗത തടസ്സം സൃഷ്ടിച്ച് നിന്ന പോപ്പുലർ ഫ്രണ്ട് പ്രവർത്തകരെ കൂടുതൽ പോലീസിനെ വിന്യസിപ്പിച്ചു വഴി യാത്രക്കാർക്കും വാഹനങ്ങൾക്കും സഞ്ചാരയോഗ്യമാക്കി കൊടുത്തിരുന്നു. എ.കെ.ജി. സെന്ററിന്റെ പ്രവർത്തനത്തെ ബാധിക്കുന്ന തരത്തിലുള്ള പ്രവർത്തികൾ റാലി നടത്തിയവരിൽനിന്നും ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ആശാൻ സ്ക്വയർ മുതൽ എ. കെ. ജി. സെന്റർവരെ ന്യായവിരോധമായി സംഘം ചേർന്ന് പൊതു ജനങ്ങളുടെയും വാഹനങ്ങളുടെയും മറ്റും സുഗമമായ സഞ്ചാരത്തിനു തടസ്സം സൃഷ്ടിച്ചതിന് കൺടോൺമെന്റ് പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.<br><br>ടി കേസിൽ (1) കരമന അഷറഫ് മൗലവി, (2) മുഹമ്മദാലി, (3) മൊയ്തു, (4) അബ്ദുൾ സത്താർ, (5) അൻസാരി, (6) ഷാഫി നൗഷാദ്, (7) നുറുൾ അമീൻ, (8) നൗഷാദ് പൂന്തുറ, (9) നവാസ്, (10) യൂസഫ് എന്നീ നേതാക്കളെയും കണ്ടാലറിയാവുന്ന 2000 പേരെയും പ്രതി ചേർത്ത് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. |

| | |
|---|---|
| (സി) സംഘർഷം സൃഷ്ടിക്കാൻ ഗൂഢാലോചന നടത്തിയവർക്കെതിരെ കേസെടുത്തിട്ടുണ്ടോ ? | (സി) ഇല്ല. റോഡ് ഗതാഗതം തടസ്സപ്പെടുത്തിയതിനും പോലീസിന്റെ ന്യായമായ ആജ്ഞയെ ലംഘിച്ച് ജാഥ നടത്തിയതിനുമാണ് ടി കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ